II ഇ.ബി. XIII-കേരള നിയമസഭ/XII-6

പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2014 ഡിസംബർ 9, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

15 (*181) വില്പന നികുതി അടയ്ക്കാതെ ഓൺലൈൻ ഷോപ്പിംഗ് സൈറ്റുകൾ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഓൺലൈൻ സൈറ്റുകളിലൂടെ സാധനങ്ങൾ വാങ്ങുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അന്യസംസ്ഥാനങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ ഓൺലൈൻ വഴി ഓർഡറുകൾ സ്വീകരിക്കുകയും ഉപഭോക്താക്കൾക്ക് കൊറിയർ വഴി സാധനങ്ങളെത്തിക്കുകയുമാണ് ചെയ്യുന്നതെന്നും സഭയെ അറിയിച്ചു.

ഉപഭോക്താക്കളുടെ പേരിൽ ബില്ല് ചെയ്തുവരുന്ന ഇത്തരം സാധനങ്ങൾക്ക് അതാത് സംസ്ഥാനങ്ങളിൽ നിലവിലുള്ള നികുതി ഈടാക്കിയതായിട്ടാണ് രേഖപ്പെടുത്തിക്കാണുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് നടത്തുന്ന ഇത്തരം വില്പന, കേന്ദ്ര ചരക്ക് വില്പന നിയമത്തിലും കേന്ദ്രവില്പന നികുതി നിയമത്തിലും വ്യവസ്ഥചെയ്യപ്പെട്ടിട്ടുള്ള രീതിയിലാകയാൽ നിയമപരമായി തടയുവാൻ ബുദ്ധിമുട്ടാണ്. ഓൺലൈൻ വ്യാപാരങ്ങൾ തടയുവാനോ റെഗുലേറ്റ് ചെയ്യുവാനോ ഫലപ്രദമായ ഒരു നിയമവും നിലവിലില്ല. അന്തർസംസ്ഥാന വില്പന ഒരു കേന്ദ്ര വിഷയമായതിനാൽ കേന്ദ്രസർക്കാരാണ് ഇതുസംബന്ധിച്ച് നിയമനിർമ്മാണം നടത്തേണ്ടത്. ധനമന്ത്രിമാരുടെ ഉന്നതാധികാര സമിതിയിൽ കേരളം ഇക്കാര്യം ഉന്നയിക്കുകയും എല്ലാ സംസ്ഥാനങ്ങളും ഓൺലൈൻ വ്യാപാരത്തിൽ ഉണ്ടാകുന്ന നികുതി ചോർച്ചയെക്കുറിച്ച് ആശങ്ക പ്രകടിപ്പിക്കുകയും ചെയ്തു. ഇക്കാര്യം പഠിക്കുവാൻ ഒരു സമിതിയെ നിയോഗിക്കണമെന്നും ഓർഡർ നൽകുന്ന ഉപഭോക്താവിന്റെ വിലാസം ഉള്ള സംസ്ഥാനത്തിനുതന്നെ നികുതി ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ കൊണ്ടുവരേണ്ടതാണെന്നും കേരളം ആവശ്യപ്പെടുകയും മറ്റ് സംസ്ഥാനങ്ങൾ അതിനെ പിന്തുണയ്ക്കുകയും ചെയ്തു. ഉന്നതാധികാര സമിതിയുടെ പരിഗണനയിലുള്ള പ്രസ്തുത വിഷയം പാർലമെന്റിന്റെ

ശീതകാല സമ്മേളനത്തിൽ ഉന്നയിക്കണമെന്ന് എം.പി.മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രധാനപ്പെട്ട ഓൺലൈൻ ഷോപ്പിംഗ് സൈറ്റുകളൊന്നും കേരളത്തിൽ പ്രവർത്തിക്കുന്നില്ലെങ്കിലും അടുത്തകാലത്തായി റെഡിമെയ്ഡ് ഗാർമെന്റ്സ്, ഡിസൈനർ സാരി എന്നിവ വിൽക്കുന്നതിന് ചില ഓൺലൈൻ സൈറ്റുകൾ ആരംഭിച്ചിട്ടുണ്ട്. Myntra, Jabong, Amazon, Snapdeal, e-Bay, WS Retail (Flipkart) എന്നീ സ്ഥാപനങ്ങൾ വഴിയാണ് മുഖ്യമായും ഓൺലൈൻ ഇടപാടുകൾ നടക്കുന്നത്. ഇതിൽ Myntra എന്ന നാമത്തിൽ ഓൺലൈൻ വ്യാപാരം നടത്തുന്ന സ്ഥാപനം Vector E Commerce Pvt. Ltd. എന്ന പേരിൽ എറണാകുളത്ത് 23-4-2014-ൽ വാറ്റ് രജിസ്ട്രേഷൻ നടത്തുകയും 2014 ജൂൺ മുതൽ ഒക്ടോബർ വരെ 230.67 ലക്ഷം രൂപ നികുതിയിനത്തിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റോക്ക് ട്രാൻസ്ഫർ വഴി മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമെത്തിക്കുന്ന readymade goods, electronic and electric goods, leather goods എന്നിവ ഇവിടെ ബില്ല് ചെയ്താണ് ഉപഭോക്താക്കൾക്ക് നൽകുന്നത്. ബഡ്ജറ്റ് നിർദ്ദേശ പ്രകാരം ഓൺലൈൻ വ്യാപാരം സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് പഠിക്കാൻ വാണിജ്യ നികുതി ജോയിന്റ് കമ്മീഷണർ-1 അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി പ്രധാനപ്പെട്ട ഓൺലൈൻ വ്യാപാരികളുടെയും

കൊറിയർ/പാഴ്സൽ സ്ഥാപനങ്ങളുടെയും പ്രതിനിധികളുമായി ചർച്ച നടത്തുകയും ചെയ്തുവെങ്കിലും ചില വിഷയങ്ങളിൽ കൂടുതൽ വിവരങ്ങൾ ശേഖരിക്കേണ്ടതിനാൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. നികുതിവെട്ടിപ്പ് തടയുന്നതിനാവശ്യമായ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

16 (*182) <u>പാരമ്പര്യവും പാരമ്പര്യേതരവുമായ ഊർജ്ജസ്രോതസ്സുകളെ സംബന്ധിച്ച താരതമ്യ പഠനം</u>

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, വിവിധ ഊർജ്ജസ്രോതസ്സുകൾ ഉപയോഗിച്ചുള്ള വൈദ്യുതി ഉൽപ്പാദന ചെലവിനെക്കുറിച്ച് ദേശീയതലത്തിലും അന്തർദേശീയതലത്തിലും വളരെയധികം പഠനങ്ങൾ നടത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രാദേശികതലത്തിലുള്ള വൈദ്യുതി ഉൽപ്പാദന സ്രോതസ്സുകളുടെ ലഭ്യതകൂടി ആശ്രയിച്ചാണ് വൈദ്യുതി ഉൽപ്പാദന ചെലവിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നത്. കൽക്കരി, പ്രകൃതി വാതകം എന്നിവ സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരേണ്ട സാഹചര്യമുള്ളതിനാൽ ഈ സ്രോതസ്സുകളിൽനിന്നുള്ള ഉൽപ്പാദനച്ചെലവ് അൽപ്പം കൂടുതലായിരിക്കും. സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന 13 ജലവൈദ്യുത പദ്ധതികൾ

പൂർത്തിയാകുമ്പോൾ 199 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കും. ആഢ്യൻപാറ ജലവൈദ്യുത പദ്ധതി ഒരു വർഷത്തിനുള്ളിൽ കമ്മീഷൻ ചെയ്യുന്നതാണ്. വനം, പരിസ്ഥിതി വകുപ്പുകളിൽ നിന്നും അനുമതി ലഭിക്കുന്നതിന് ബുദ്ധിമുട്ടായതിനാൽ വൻകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള സാധ്യത മുടങ്ങിക്കിടക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ചെന്നൈയിലെ സെന്റർ ഫോർ വിന്റ് എനർജി ടെക്നോളജി നടത്തിയ പഠനത്തിൽ കേരളത്തിലെ 17 സ്ഥലങ്ങളിൽ നിന്നായി കാറ്റിൽ നിന്നും 790 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുമെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്.പി.സി.യുമായി സഹകരിച്ച് 82 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കുന്നുകളും മലകളും നിറഞ്ഞ പ്രദേശമായതിനാൽ രാമക്കൽമേട്ടിൽ നിന്നും പൂർണ്ണമായും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് സാധിക്കുന്നില്ല. കാറ്റിൽ നിന്നും ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി 4.77 രൂപ ചെലവ് വരുമെന്ന് കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്. രണ്ട് വർഷത്തിനുള്ളിൽ കാറ്റിൽ നിന്നും 300 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു. സോളാർ എനർജിയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കേന്ദ്ര ഗവൺമെന്റ്

അനെർട്ടിനെ തെരഞ്ഞെടുക്കുകയും 5 മെഗാവാട്ട് വരെ സോളാർ എനർജി ഉല്പാദിപ്പിക്കുന്നതിന് സബ്സിഡി നൽകിവരുകയും ചെയ്യുന്നു. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സോളർ എനർജിയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ചെലവ് കുറച്ചുകൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. എം.എൻ.ആർ.ഇ.യുടെ നോംസ് അനുസരിച്ച് അംഗീകൃത കമ്പനികളിൽ നിന്നും വാങ്ങുന്ന സോളാർ പാനലുകൾക്കുമാത്രമേ സബ്സിഡി ലഭിക്കുകയുള്ളൂ. ഗ്രിഡ് കണക്ടഡ് ആകുന്ന മുറയ്ക്ക് വീടുകളിൽ അധികമായി ഉല്പാദിപ്പിക്കുന്ന സോളാർ എനർജി വാങ്ങുന്നതിന് കെ.എസ്.ഇ.ബി. നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലെല്ലാം സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരികയാണ്. കായംകുളം പദ്ധതി എൽ.എൻ.ജി.യാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുകയാണ്. കൂടംകുളത്തുനിന്നും വൈദ്യുതി ലഭ്യമാക്കുന്നതിന് ഏകദേശ ധാരണയായിട്ടുണ്ട്. കൽക്കരിയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതാണ് ഏറ്റവും ചെലവ് കുറഞ്ഞ മാർഗ്ഗമായി കണ്ടെത്തിയിട്ടുള്ളത്. ആർ.ജി.ജി.വി.വൈ പദ്ധതി പ്രകാരം നവംബർ 30-ന് മുമ്പ് അപേക്ഷ സമർപ്പിച്ച എല്ലാ ബി.പി.എൽ. കുടുംബങ്ങൾക്കും ഡിസംബർ 15-നുള്ളിൽ സൗജന്യമായി

വൈദ്യുതി നൽകുന്നതാണെന്നും സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം ഉടൻ പൂർത്തിയാക്കുമെന്നും പദ്ധതികൾ പൂർത്തിയാക്കുന്നതിന് കെ.എസ്.ഇ.ബി.യുടെയോ ഗവൺമെന്റിന്റെയോ ഭാഗത്തുനിന്നും കാലതാമസം ഉണ്ടാകില്ലെന്നും നോൺ കൺവെൻഷണൽ എനർജിയ്ക്ക് പ്രാധാന്യം നൽകുന്നതിനുള്ള ശ്രമമാണ് നടത്തിവരുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

17 (*183) ഹൗസിംഗ് കോളനിയിലെ അടിസ്ഥാന സൗകര്യ വികസനവും ഫ്ലാറ്റ് നിർമ്മാണവും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഭൂലഭ്യത കുറവായതിനാൽ ഭാവിയിൽ ഉണ്ടാകാവുന്ന പാർപ്പിട സൗകര്യ അപര്യാപ്തത പരിഹരിക്കുന്നതിനായി ഭവന നിർമ്മാണ ബോർഡ് പാരസ്പര്യം ഭവന പദ്ധതി, സാഫല്യം ഭവന പദ്ധതി, ഇന്നവേറ്റീവ് ഭവന പദ്ധതി, വാടകവീട് പദ്ധതി, സങ്കേതം ഭവന പദ്ധതി എന്നീ ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഭൂമിയുടെ അനുയോജ്യതയും, ഡിമാന്റും കണക്കിലെടുത്ത്, ബോർഡിന്റെ കൈവശമുള്ള സ്ഥലങ്ങളിൽ പാരസ്പര്യം മാതൃകയിൽ ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ട്. സ്ഥലത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് ഭൂ-ഭവനരഹിതരായ ദുർബല

വിഭാഗത്തിൽപ്പെട്ടവർക്കായി സാഫല്യം ഭവന നിർമ്മാണ പദ്ധതി പ്രകാരം സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിൽ, അവയുടെ സഹകരണത്തോടെ ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്നുണ്ട്. സർക്കാരിന്റെയും പഞ്ചായത്തിന്റെയും വിഹിതമായ 2 ലക്ഷം രൂപ വീതവും ഗുണഭോക്താവിന്റെ വിഹിതമായ 1 ലക്ഷം രൂപയും ചേർത്ത് 5 ലക്ഷം രൂപയുടെ പദ്ധതിയാണിത്. നഗരത്തിൽ ജോലി ചെയ്തുകൊണ്ട് നഗരത്തിന് പുറത്ത് താമസിക്കുന്ന ബി.പി.എൽ. വിഭാഗക്കാരായ തൊഴിലാളികൾക്ക് നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് ലഭ്യമാക്കുന്ന പദ്ധതിയാണ് ഇന്നവേറ്റീവ് ഭവന പദ്ധതി. സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സായി അലോട്ട് ചെയ്യുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണ് വാടക വീട് പദ്ധതി. തുച്ഛവരുമാന വിഭാഗക്കാർക്കായി പഞ്ചായത്തിന്റെ ഭൂമിയിൽ സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കാനുദ്ദേശിക്കുന്ന സങ്കേതം ഭവന പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിക്കായി പഞ്ചായത്ത് വക ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് സർക്കാർ സബ്സിഡി തുകയോടുകൂടി പദ്ധതി രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുന്നതാണ്. നഗരപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ഭവനനിർമ്മാണ ബോർഡിന്റെ ഹൗസിംഗ് കോളനികളിൽ

ഭ്രൂരിഭാഗവും അലോട്ടികൾക്ക് എല്ലാ അവകാശവും കൈമാറി വിലയാധാരം നൽകികഴിഞ്ഞവയാണ്. ഓരോ കോളനിയിലെയും അലോട്ടീസ് അസോസിയേഷനാണ് ആ കോളനികളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ മുൻകൈ എടുക്കേണ്ടത്. ബോർഡ് ഭാവി പ്രവർത്തനങ്ങൾക്കായി മാറ്റിയിട്ട സ്ഥലങ്ങൾ ഉപയോഗപ്രദമാക്കുന്നതിനായി അവയുടെ അനുയോജ്യത പരിശോധിച്ച് കമേഴ്സ്യൽ-ക്ലോംപ്ലക്സുകൾ/കമേഴ്സ്യൽ-കം-റസിഡൻഷ്യൽ ക്ലോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഹഡ്കോയിലെ ബാധ്യതകൾ പൂർണ്ണമായി കൊടുത്തുതീർത്ത സാഹചര്യത്തിൽ നിർത്തിവച്ച വായ്പാ പദ്ധതികൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2239 മുതൽ 2550 വരെയുള്ള ചോദ്യങ്ങളിൽ 186 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)